# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1880 — 14.08.2017 - ൽ മറുപടിക്ക്

**ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ എത്ര ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) | 5 ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്.<br>രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.<br>പ്രാഥമികാരോഗ്യ കേന്ദ്രം, കിഴക്കഞ്ചേരി-01<br>പ്രാഥമികാരോഗ്യ കേന്ദ്രം, കുനിശ്ശേരി-01. |
| ബി) | ഓരോ ആശുപത്രിയുടെ ഏരിയകളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ ചെയ്യേണ്ട ജോലികൾ സംബന്ധിച്ച വിശദാംശം നൽകുമോ? | ബി) | • ഫീൽഡ് സൂപ്പർ വിഷൻ<br>• ഫീൽഡ് വിഭാഗം ജീവനക്കാരുടെ പൊതുവായിട്ടുള്ള ഭരണകാര്യങ്ങൾ നിർവ്വഹിക്കൽ.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രാഥമികാരോഗ്യ പ്രവർത്തനങ്ങൾ ഏകീകരിച്ച് നടപ്പിലാക്കുക.<br>• ഫീൽഡ് വിഭാഗം ജീവനക്കാരുടെ വിവരശേഖരണവും സൂക്ഷിക്കലും.<br>• പരിശീലനപരിപാടി സംഘടിപ്പിക്കലും നടപ്പാക്കലും<br>• ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട മീറ്റിംഗുകളും സംഘാടനവും<br>• ഐ.സി.ഡി.എസ് മീറ്റിംഗിൽ പങ്കെടുക്കുക.<br>• ആവശ്യപ്പെട്ടുന്നെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മീറ്റിംഗുകളിൽ പങ്കെടുക്കുക.<br>• ദേശീയ ആരോഗ്യ പരിപാടികൾ സംഘടിപ്പിച്ച് നടപ്പാക്കുക.<br>• ശിശു പ്രജനനപരിപാടി നടപ്പിലാക്കുക.<br>• മലേറിയ നിയന്ത്രണപ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>• Revised National Tuberculosis Control Programme നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| | | | • ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കുക.<br>• അന്ധതാനിവാരണ പരിപാടി നടപ്പിലാക്കുക<br>• സേവന മേഖലയിലെ ഏരിയാ മാപ്പും അടിസ്ഥാന വിവരശേഖരണവും സൂക്ഷിക്കുക.<br>• അഡ്വാൻസ് പ്രോഗ്രാം തയ്യാറാക്കലും ഫീൽഡ് വിസിറ്റ് വിവരം ഉൾക്കൊള്ളുന്ന ഡയറി തയ്യാറാക്കലും.<br>• മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഔദ്യോഗിക ജോലികൾ നിർവ്വഹിക്കൽ തുടങ്ങിയവയാണ് ഹെൽത്ത് ഇൻസ്പെക്ടർമാർ ചെയ്യേണ്ട ജോലികൾ. |

സെക്ഷൻ ഓഫീസർ